**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കോട്ടയം ജില്ല - കോട്ടയം നഗരസഭ - വേളൂർ വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോട്ടയം ടൗൺ പ്ലാനറുടെ 06/05/2022 ലെ TCPKTM/292/2022/C നമ്പർ കത്ത്.
2. ശ്രീ.ഷാജി ജോസ്, ചിറയിൽ പറമ്പിൽ ഹൗസ്, വേളൂർ.പി.ഒ, കോട്ടയം-686003-ന്റെ 19/02/2022-ൽ സമർപ്പിച്ച അപേക്ഷ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/1241/2022-C3 തീയതി:04/07/2022

---

കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭ പരിധിയിലുള്ള വേളൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 15-ൽ ഉൾപ്പെട്ട 2591.00 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്തുനിന്നും വേർതിരിച്ച 742.00 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് Group 1 Hazardous occupancy -ൽ ഉൾപ്പെടുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ റീട്ടയിൽ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ഷാജി ജോസ്, ചിറയിൽ പറമ്പിൽ ഹൗസ്, വേളൂർ.പി.ഒ, കോട്ടയം-686003-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി അംഗീകൃത കോട്ടയം മാസ്റ്റർ പ്ലാനിലെ Low Density Residential Zone-ൽ വരുന്ന സ്ഥലത്ത് നിർദ്ദിഷ്ട പെട്രോൾ പമ്പ് നിർമ്മാണത്തിന് കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും , കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 5 (4 ) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി / N.O.C ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകാവൂ.
2. കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 9 (2) പ്രകാരം പ്ലോട്ടിന്റെ ഉടമസ്ഥത, സർവ്വേ നമ്പരുകൾ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ ഉടമസ്ഥാവകാശം, നിർമ്മാണവകാശം, തുടങ്ങിയവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്നതും പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ ഭൂവിനിയോഗ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായിരിക്കണം.
4. ഫില്ലിംഗ് പ്രവർത്തികൾക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന്

154872

GOVERNMENT OF KERALA 2017-18

അനുമതി നേടിയിരിക്കണം.

5. Fuel tank, Vent pipe എന്നിവയുടെ നിർമ്മാണം Petroleum Rules , 2002 ലെ നിർദേശങ്ങൾക്ക് അനുസൃതമായിരിക്കണം.
6. നിർദിഷ്ട നിർമ്മാണം, അപേക്ഷകന്റെ പ്ലോട്ടിലെ മൊബൈൽ ടവർ നിർമ്മാണത്തിനായി നഗരസഭയിൽ നിന്നും ലഭ്യമായ കെട്ടിടനിർമ്മാണ അനുമതി, മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട ലീസ് ഉടമ്പടി എന്നിവയുടെ ലംഘനമല്ല എന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തണം.
7. പ്ലോട്ടിന്റെ കിഴക്ക് ഭാഗത്ത് നിലവിലുള്ള വാസഗൃഹത്തിന് നിർദിഷ്ട നിർമ്മാണത്തിന് വേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന പ്ലോട്ട് അതിർത്തിയിൽ നിന്ന് സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള സെറ്റ് ബാക്ക് ലഭ്യമാണെന്ന് ഉറപ്പ് വരുത്തണം.
8. നിർമ്മാണം കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേഔട്ട് അനുമതി, നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ വകുപ്പ് (പ്ലാനിങ്) / തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by RAJEEVAN PITTAN
Date: 2022.07.04 14:23:31 IST
Reason: Approved

രാജീവൻ പിട്ടൻ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, കോട്ടയം നഗരസഭ

പകർപ്പ്:-

1. ശ്രീ.ഷാജി ജോസ്, ചിറയിൽ പറമ്പിൽ ഹൗസ്, വേളൂർ.പി.ഒ, കോട്ടയം-686003
2. ടൗൺപ്ലാനർ. കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Sr.3006/2022